# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :298 1.12.2014-ൽ മറുപടിയ്ക്ക്

**നെല്ലിയാമ്പതി കരുണാ പ്ലാന്റേഷനിലെ നിക്ഷിപ്ത വനഭൂമി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) നെല്ലിയാമ്പതി കരുണാ പ്ലാന്റേഷനിലെ നിക്ഷിപ്ത വനഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് അന്തിമമായി തീരുമാനിക്കപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. കോടതി വിധികളുടെ വെളിച്ചത്തിലും തുടർന്ന് നടത്തിയ സർവ്വേയുടെ വെളിച്ചത്തിലും കരുണാ എസ്റ്റേറ്റിലുണ്ടായിരുന്ന നിക്ഷിപ്ത വനഭൂമി 86.46 ഏക്കർ ആണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| ബി) എങ്കിൽ ഏത് കോടതിയുടെ ഏത് വിധിപ്രകാര മാണെന്നതും പ്രസ്തുത കോടതിവിധിയുടെ പകർപ്പ് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; | ബി) ബഹു.ഹൈക്കോടതിയുടെ 16.10.1990 ലെ എം.എഫ്.എ.574/89, 106/90 വിധിപ്രകാരമാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) പ്രസ്തുത വിധിക്കെതിരെ വനംവകുപ്പ് അപ്പീൽ പോവുകയുണ്ടായിട്ടുണ്ടോ ; | സി) പ്രസ്തുത വിധിക്കെതിരെ അന്ന് ലഭിച്ച നിയമോപദേശത്തിന്റെ വെളിച്ചത്തിൽ അപ്പീൽ പോയതായി കാണുന്നില്ല. എന്നാൽ ടി. വിധിക്കെതിരെ സർക്കാർ 2000 മാണ്ടിൽ 126/2000, 133/2000 എന്നിങ്ങനെ 2 റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ടി റിവ്യൂ പെറ്റീഷനുകൾ തള്ളിയതിനെത്തുടർന്ന് ബഹു.സുപ്രീം കോടതിയിൽ എസ്.എൽ.പി. 3582/09, 3595/09 നമ്പറായി കേസ് ഫയൽ ചെയ്തുവെങ്കിലും ടി കേസ് 6.2.2009 തീയ്യതിയിൽ ഡിസ്മിസ് ചെയ്യുക ഉണ്ടായി. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടായിട്ടുണ്ടായിരുന്നു, വനംവകുപ്പ് ഏതെല്ലാം ഘട്ടത്തിൽ ആരിൽ നിന്നെല്ലാം നിയമോപദേശം തേടുകയുണ്ടായിട്ടുണ്ട്; ലഭിച്ച നിയമോപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ? | ഡി) | ഒ.എ.583/76, എം.എഫ്.എ. 574/81, എം.എഫ്.എ. 574/89, എം.എഫ്.എ. 106/90, ആർ.പി.126/2000, ആർ.പി.133/2000, എസ്.എൽ.പി.3592/09, എസ്.എൽ.പി.3595/09, എന്നീ 8 കേസ്സുകൾ ഉണ്ടായിട്ടുണ്ട്. 16.10.90-ലെ എം.എഫ്.എ. 574/89, 106/90 കേസ്സുകളിലെ വിധിയിന്മേലും 19.07.2005-ലെ എം.എഫ്.എ. 574/89-ന്മേലുള്ള ആർ.പി. 126/2000 കേസ്സിലെ വിധിയിന്മേലും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**